**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 166** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെറുവാടികമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സ.ഉ (സാധാ) നം.1555/2021/ആ.കു.വ തീയതി 26.07.2021 പ്രകാരം കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മണ്ഡലത്തിലെ മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ യാണ് **ഐസൊലേഷൻ വാർഡുനിർമ്മാണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതി നായി മരങ്ങൾ മുറിച്ചു മാറ്റുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിലവിൽ ഓരോ നിയോജക മണ്ഡലത്തിലെയും ഒരു ആരോഗ്യ സ്ഥാപനത്തെയാണ് 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി പരിഗണിക്കുന്നതെന്നതിനാൽ പ്രസ്തുത മണ്ഡലത്തിലെ ചെറുവാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പ്രസ്തുത ആവശ്യത്തി നായി പരിഗണിക്കുവാൻ കഴിയുകയില്ല** |
| (ബി) | പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 90 സ്ഥലങ്ങളിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കാ നുള്ള സ്ഥലം ആരോഗ്യവകുപ്പ് ഡയറ ക്ടറേറ്റും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും ചേർന്ന് കണ്ടെ ത്തി കഴിഞ്ഞു. 10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിന് വേണ്ട മെഡിക്കൽ ഗ്യാസും, മെഡിക്കൽ ഉപകര ണങ്ങളും അനുബന്ധ സൗകര്യങ്ങളും ഉള്ള 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രി എൻജിനീയറിങ് സ്ട്രക്ച്ചറുകൾ ഉപയോ ഗിച്ചുള്ള നിർമ്മാണമാണ് തീരുമാനിച്ചി രിക്കുന്നത്. |
| (സി) | പ്രവർത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതിനുള്ള നടപടികൾ പൂർത്തിയാക്കി പദ്ധതി പ്രദേശം നിർവഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ നു കൈമാറുന്നതും |

| | | | |
|---|---|---|---|
| | | | ആയതിനു ശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്ന തുമാണ്. |

സെക്ഷൻ ഓഫീസർ